**കേരള സർക്കാർ**

സംഗ്രഹം

പൊതുഭരണ വകുപ്പ്-കേരള സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത പുരസ്കാരമായ കേരളപുരസ്കാരങ്ങളുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുഭരണ (അതീവ രഹസ്യ) വകുപ്പ്**

സ.ഉ.(അച്ചടി) നം. 21/2024/പൊ.ഭ.വ. തീയതി, തിരുവനന്തപുരം,08.07.2024.

---

പരാമർശം:- 1. 21.10.2021 ലെ സ.ഉ.(പി) നം.27/2021/പൊ.ഭ.വ.,
2. 22.07.2022 ലെ സ.ഉ.(പി) നം.17/2022/പൊ.ഭ.വ.
3.01.06.2023 ലെ സ.ഉ.(പി) നം.7/2023/പൊ.ഭ.വ.

**ഉത്തരവ്**

കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പത്മ പുരസ്കാരങ്ങളുടെ മാതൃകയിൽ വിവിധ മേഖലകളിൽ സമൂഹത്തിന് സമഗ്രസംഭാവനകൾ നൽകിയിട്ടുള്ള വ്യക്തിത്വങ്ങൾക്ക് സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള പരമോന്നത പുരസ്കാരമായ കേരളപുരസ്കാരങ്ങളുടെ നിർണ്ണയം, പ്രഖ്യാപനം, വിതരണം എന്നിവ സംബന്ധിച്ച് പരാമർശം (1)-ലെ ഉത്തരവ് പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. പരാമർശം (2),(3) ഉത്തരവുകൾ പ്രകാരം പ്രസ്തുത മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്.

2. സൂചന (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുരസ്കാരങ്ങൾക്കായി വ്യക്തികൾക്ക് സ്വന്തമായി അപേക്ഷ സമർപ്പിക്കാൻ കഴിയുകയില്ല. എന്നാൽ ആർക്കും മറ്റുള്ളവരെ നാമനിർദ്ദേശം ചെയ്യാവുന്നതാണ്. കൂടാതെ, ജില്ലാ പഞ്ചായത്തുകൾ, മുൻസിപ്പൽ കോർപ്പറേഷനുകൾ, മുൻസിപ്പാലിറ്റികൾ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കും, സർവ്വകലാശാലകൾ, ജില്ലാ കളക്ടർമാർ, വിവിധ വകുപ്പ് മേധാവികൾ, വിവിധ വകുപ്പ് സെക്രട്ടറിമാർ എന്നിവർക്കും, സംസ്ഥാനത്തെ മന്ത്രിമാർ, എം.പി, എം.എൽ.എ തുടങ്ങിയ ജനപ്രതിനിധികൾക്കും വിവിധ രംഗങ്ങളിലെ സംഘടനകൾക്കും കേരള പുരസ്കാരങ്ങൾക്ക് പരിഗണിക്കേണ്ടവരുടെ പേരുകൾ നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

3. നിലവിൽ കേരളപുരസ്കാരങ്ങൾക്കായി പരിഗണിക്കേണ്ടവരുടെ പേരുകൾ നാമനിർദ്ദേശം ചെയ്യാൻ കഴിയുന്നവരിൽ നിന്നും, സംസ്ഥാനത്തെ മന്ത്രിമാരെ ഒഴിവാക്കിക്കൊണ്ട് മാർഗ്ഗനിർദ്ദേശങ്ങളിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. മേൽ ഭേദഗതിയോടെ പരാമർശത്തിലെ ഉത്തരവുകൾ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഡോ. വേണു വി ഐ.എ.എസ്**
**ചീഫ് സെക്രട്ടറി**

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി, പ്രിൻസിപ്പൽ സെക്രട്ടറി, സെക്രട്ടറി, സ്പെഷ്യൽ സെക്രട്ടറിമാർക്കും.
എല്ലാ വകുപ്പ് മേധാവിമാർക്കും
രജിസ്ട്രാർ ജനറൽ, കേരള ഹൈക്കോടതി, എറണാകുളം.
അഡ്വക്കേറ്റ് ജനറൽ, എറണാകുളം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
എല്ലാ സർവകലാശാല രജിസ്ട്രാർമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും
എല്ലാ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും (പ്രിൻസിപ്പൽ പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (പ്രസിദ്ധീകരണത്തിന്)
വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ) (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പകർപ്പ് :

ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
എല്ലാ മന്ത്രിമാരുടെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്.
സംസ്ഥാനത്തെ എല്ലാ എം.പി. മാർക്കും എം.എൽ.എ. മാർക്കും.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ